പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 658 01.12.2015-ൽ മറുപടിയ്ക്ക്

## ഗോത്രഭാഷ പ്രീ-പ്രൈമറി കരിക്കുലത്തിന്റെ ഭാഗമാക്കാൻ നടപടി

**ചോദ്യം**
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | കേരളത്തിൽ ഏതൊക്കെ ആദിവാസി വിഭാഗങ്ങളുണ്ടെന്നും ഓരോ ഗോത്രത്തിലെയും ഭാഷ എന്താണെന്നും വ്യക്തമാക്കുമോ; | എ) | കേരളത്തിൽ 37 പട്ടികവർഗ്ഗ വിഭാഗങ്ങളുണ്ട്. സമുദായങ്ങളുടെ പേരും അവരുടെ ഭാഷയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| ബി) | ആദിവാസി ഊരുകളിൽ എത്ര അങ്കണവാടികളുണ്ട് എന്നും ഇവിടെ ഏതു ഭാഷയാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ; | ബി) | നിലവിൽ 1450 അംഗൻവാടികൾ ആദിവാസി ഊരുകളിൽ സാമൂഹ്യ ക്ഷേമ വകുപ്പിൻ കീഴിൽ പ്രവർത്തിച്ച് വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ 13 നഴ്സറി സ്കൂളുകൾ, 25 കിന്റർ ഗാർട്ടനുകൾ, 3 ബാല വിജ്ഞാന [redacted] വികാസ് വാടികൾ എന്നിവയും പ്രവർത്തിച്ചു വരുന്നു. നിലവിൽ അംഗൻവാടി വർക്കർമാർ മലയാള ഭാഷയാണ് പൊതുവിൽ ഉപയോഗിക്കുന്നത്. എന്നാൽ പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെട്ട വർക്കർമാർ അവരുടെ നൈപുണ്യം അനുസരിച്ച് ഗോത്ര ഭാഷയും ഉപയോഗിച്ചു വരുന്നു. |
| സി) | ഗോത്രഭാഷ മാത്രം അറിയുന്ന കുട്ടികളെ മറ്റ് ഭാഷയിൽ പഠിപ്പിക്കുന്നതു കാരണം വിദ്യാലയത്തോടും പഠനത്തോടും അകൽച്ച കാണിച്ച് കുട്ടികൾ പഠനം അവസാനിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ഗോത്രവിഭാഗത്തിലെ കുട്ടികളുടെ വിദ്യാലയത്തിൽ നിന്നുമുള്ള കൊഴിഞ്ഞുപോക്കിന്റെ വിവിധ കാരണങ്ങളിൽ ഒന്ന് ഭാഷാ പ്രശ്നമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഊര് ഭാഷ, കലാരൂപങ്ങൾ, പാട്ടുകൾ എന്നിവ നിലവിലുള്ള പ്രീ-പ്രൈമറി കരിക്കുലത്തിന്റെ ഭാഗമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | ഡി) | പ്രീ-പ്രൈമറി കരിക്കുലം തയ്യാറാക്കുന്നതിന് നേതൃത്വം കൊടുക്കുന്നത് എസ്.സി.ഇ.ആർ.ടി, സാമൂഹ്യ ക്ഷേമ വകുപ്പ് എന്നിവയാണ്. ഗോത്രഭാഷ പാട്ടുകൾ, കലാരൂപങ്ങൾ തുടങ്ങിയവ സംരക്ഷിക്കുന്നതിന് അവ രേഖപ്പെടുത്തുകയും പണിയ ഭാഷയ്ക്ക് ലിപി തയ്യാറാക്കുന്നതിനുമുള്ള നടപടികൾ കിർത്താഡ്സ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ മുഖേന സ്വീകരിച്ചു വരുന്നു. കൂടാതെ കൊറഗ, കാട്ടുനായ്ക്കൻ, അടിയ സമുദായങ്ങൾക്കുള്ള മലയാള ഭാഷ പാഠാവലികളും കിർത്താഡ്സ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം

## കേരളത്തില പട്ടികവർഗ്ഗ വിഭാഗങ്ങളും ഭാഷകളും

| ക്രമ നമ്പർ | സമുദായം | ഭാഷ |
|---|---|---|
| 1. | അടിയാൻ | മലയാളം, തമിഴ് കന്നട ഭാഷകളോട് സാമ്യം |
| 2. | അരനാടൻ | മലയാളം, തമിഴ് ഭാഷകളോട് സാമ്യം |
| 3. | ഇരവാലൻ | മലയാള ഭാഷയോട് സാമ്യം |
| 4. | ഹിൽ പുലയ, മല പുലയൻ, കുറുമ്പ പുലയൻ, കരവഴി പുലയൻ, പാമ്പ പുലയൻ | തമിഴ് ഭാഷയോട് സാമ്യം |
| 5. | ഇരുളർ, ഇരുളൻ | മലയാളം, കന്നട, തമിഴ് ഭാഷകളോട് സാമ്യം |
| 6. | കാടർ, വയനാട് കാടർ | മലയാളം, തമിഴ് ഭാഷകളോട് സാമ്യം |
| 7. | കാണിക്കാരൻ, കാണിക്കാർ | മലയാളം, തമിഴ് ഭാഷകളോട് സാമ്യം |
| 8. | കാട്ടുനായിക്കൻ | മലയാളം, കന്നട ഭാഷകളോട് സാമ്യം |
| 9. | കൊച്ചു വേലൻ | മലയാളം തമിഴ് ഭാഷകളോട് സാമ്യം |
| 10. | കൊറഗ | തുളു ഭാഷയോട് സാമ്യം |
| 11. | കുടിയ, മേലക്കുടി | തുളു, കന്നട, മലയാള ഭാഷകളോട് സാമ്യം |
| 12. | കുറിച്ച്യൻ, കുറിച്ചിയൻ | മലയാളം, തമിഴ് ഭാഷകളോട് സാമ്യം |
| 13. | കുറുമർ, മുള്ളു കുറുമൻ, മല കുറുമൻ | മലയാളം, കന്നട, തമിഴ് ഭാഷകളോട് സാമ്യം |
| 14. | കുറുമ്പർ, കുറുമ്മർ | മലയാളം, തമിഴ് ഭാഷകളോട് സാമ്യം |
| 15. | മഹാമലസർ | തമിഴ് ഭാഷയോട് സാമ്യം |
| 16. | മലൈ അരയൻ, മല അരയൻ | മലയാള ഭാഷയോട് സാമ്യം |
| 17. | മലൈ പണ്ടാരം | മലയാളം, തമിഴ് ഭാഷകളോട് സാമ്യം |
| 18. | മലൈ വേടൻ, മല വേടൻ | മലയാളം, തമിഴ് ഭാഷകളോട് സാമ്യം |
| 19. | മലക്കുറവൻ | തമിഴ് ഭാഷയോട് സാമ്യം |
| 20. | മലസർ | തമിഴ് ഭാഷയോട് സാമ്യം |
| 21. | മലയൻ, നാട്ടു മലയൻ, കൊങ്ങ മലയൻ | മലയാളം, തമിഴ് ഭാഷകളോട് സാമ്യം |
| 22. | മലയരയൻ | മലയാള ഭാഷയോട് സാമ്യം |
| 23. | മന്നാൻ | മലയാളം, തമിഴ് ഭാഷകളോട് സാമ്യം |

| | | |
|---|---|---|
| 24. | മുതുവാൻ, മുഡുഗർ, മുഡുവാൻ | മലയാളം, തമിഴ് ഭാഷകളോട് സാമ്യം |
| 25. | പള്ളിയൻ, പള്ളിയാൻ, പളിയൻ | മലയാളം തമിഴ് ഭാഷകളോട് സാമ്യം |
| 26. | പണിയൻ | മലയാളം, തമിഴ് ഭാഷകളോട് സാമ്യം |
| 27. | ഉള്ളാടൻ | മലയാളം, തമിഴ് ഭാഷകളോട് സാമ്യം |
| 28. | ഊരാളി | മലയാളം, തമിഴ് ഭാഷകളോട് സാമ്യം |
| 29. | മല വേട്ടുവൻ | മലയാളം, തുളു ഭാഷകളോട് സാമ്യം |
| 30. | തേൻ കുറുമ്പൻ, ജേനു കുറുമ്പൻ | മലയാളം; കന്നട ഭാഷകളോട് സാമ്യം |
| 31. | തച്ചനാടൻ, തച്ചനാടൻ മൂപ്പൻ | മലയാളം, തമിഴ് ഭാഷകളോട് സാമ്യം |
| 32. | ചോലനായിക്കൻ | മലയാളം, തമിഴ്, കന്നഡ ഭാഷകളോട് സാമ്യം |
| 33. | മാവിലൻ | മലയാളം, തുളു ഭാഷകളോട് സാമ്യം |
| 34. | കരിംപാലൻ | മലയാളം, തുളു ഭാഷകളോട് സാമ്യം |
| 35. | വെട്ട കുറുമൻ | മലയാളം, കന്നട ഭാഷകളോട് സാമ്യം |
| 36. | മല പണിക്കർ | മലയാള ഭാഷയോട് സാമ്യം |
| 37. | മറാട്ടി | മലയാളം, കന്നട ഭാഷകളോട് സാമ്യം |

Haripriya

സെക്ഷൻ ഓഫീസർ